**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** | **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകരുടെ സാമൂഹ്യ, സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടും നടപ്പാക്കുന്ന സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതി ഘടകങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | ഉണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുസരിച്ച്, കൃഷിയുടെയും അനുബന്ധ മേഖലകളുടെയുടെയും മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാ പ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകി കൊണ്ട് കർഷകരുടെ സാമൂഹ്യ, സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടും 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA).<br><br>സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷി മേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനും ടി പദ്ധതിയിലൂടെ സാധിക്കും. ഉൽപ്പാദനത്തിലും, സംഭരണത്തിലും, വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളെയും ടി പദ്ധതയിലൂടെ പരിപോഷിപ്പിക്കുന്നുണ്ട്.<br><br>പദ്ധതി ഉപഘടകങ്ങൾ താഴെ പറയുന്നവയാണ്.<br><br>• കർഷിക ഉത്പാദനത്തിന് മുൻപും ഉത്പാദന സമയത്തുമുള്ള സഹായങ്ങൾ<br>• സംഭരണം, സംസ്കരണം, വിപണം<br>• മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും<br>• കാർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണവും സഹായവും<br>• പ്രോജക്ട് രൂപപ്പെടുത്തൽ, മൂല്യനിർണ്ണയം, നിരീക്ഷണം, പ്രമാണീകരണം<br><br>ടി പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ വകയിരുന്നു. അതിൽ നിന്നും 20 സഹകരണ സംഘങ്ങൾക്കായി 743.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3450.00 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ കൃഷി | (ബി) | ഉണ്ട്. സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംഘംവക സ്ഥലത്തും മറ്റു സ്ഥലങ്ങളിലുമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ 608.24 ഏക്കർ സ്ഥലത്ത് കൃഷി |

<table>
<tr>
<td></td>
<td>നടത്തുന്ന പദ്ധതി വിജയകരമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td>
<td></td>
<td>ആരംഭിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ "ഒരു ജില്ലക്ക് ഒരു വിള" എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. നാളിതു വരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് ടി പദ്ധതിയിലൂടെ കൃഷി ആരംഭിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സഹകരണ ഗ്രാമീണ മാർക്കറ്റുകൾ ആരംഭിച്ചിരുന്നോ; വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)യിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ചുവടെപ്പറയുന്ന 11 സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.
<table>
<tr><th>ക്രമ നം.</th><th>സംഘത്തിന്റെ പേര്</th><th>ജില്ല</th><th>അനുവദിക്കുന്ന തുക(തുക ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3064</td><td>തിരുവനന്തപുരം</td><td>10.00</td></tr>
<tr><td>2</td><td>പൂവറ്റൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3503</td><td>കൊല്ലം</td><td>10.00</td></tr>
<tr><td>3</td><td>പുതുപ്പള്ളി എസ്.സി.ബി 2730</td><td>ആലപ്പുഴ</td><td>10.00</td></tr>
<tr><td>4</td><td>മാടപ്പള്ളി എസ്.സി.ബി 160</td><td>കോട്ടയം</td><td>10.00</td></tr>
<tr><td>5</td><td>വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015</td><td>എറണാകുളം</td><td>10.00</td></tr>
<tr><td>6</td><td>കൊരട്ടി എസ്.സി.ബി 590</td><td>തൃശ്ശൂർ</td><td>10.00</td></tr>
<tr><td>7</td><td>മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക്</td><td>പാലക്കാട്</td><td>10.00</td></tr>
<tr><td>8</td><td>മറയൂർ എസ്.സി.ബി 2022</td><td>ഇടുക്കി</td><td>10.00</td></tr>
<tr><td>9</td><td>ഉള്ള്യേരി എസ്.സി.ബി Ltd No. D 2033</td><td>കോഴിക്കോട്</td><td>10.00</td></tr>
<tr><td>10</td><td>മീനങ്ങാടി എസ്.സി.ബി</td><td>വയനാട്</td><td>10.00</td></tr>
<tr><td>11</td><td>കാസർഗോഡ് എസ്.സി.ബി</td><td>കാസർഗോഡ്</td><td>10.00</td></tr>
<tr><td></td><td colspan="2">ആകെ തുക</td><td>110.00</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>കാപ്കോസ്, പാപ്കോസ് സംഘങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട പുരോഗതി</td>
<td>(ഡി)</td>
<td>സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണവും സംസ്കരണവും പ്രധാന പ്രവർത്തനോദ്ദേശമായി 27.08.2021 തീയതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള</td>
</tr>
</table>

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | സംഘമാണ് 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം (കാപ്കോസ്). കോട്ടയം ജില്ലയിലെ 43 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ അംഗങ്ങളാണ്.<br><br>കോട്ടയം ജില്ലയിലെ മുഴുവൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളേയും കാപ്കോസിൽ അംഗങ്ങളാക്കി 10 കോടി രൂപ ഓഹരി മൂലധനമായി സ്വരൂപിക്കുന്നതിന്റെ ഭാഗമായി കാപ്കോസിൽ അംഗത്വം എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 310 കോടി രൂപയാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിച്ച ഓഹരി മൂലധനം ഉൾപ്പെടെയുള്ള തുക ഉപയോഗിച്ച് 23.08.2023 തീയതി സംഘത്തിന്റെ പേരിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിച്ചിട്ടുണ്ട്.<br><br>അരിമില്ല് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും താത്പര്യ പത്രം ക്ഷണിക്കുന്നതിനും സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് 08.11.2023 ൽ ധാരണാപത്രം ഒപ്പ് വയ്ക്കുകയും 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നത് ഉൾപ്പടെയുള്ള പ്രാഥമിക ചെലവുകൾക്കുവേണ്ടി ഓഹരി മൂലധനമായി 20 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ നെൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹരിക്കുന്നതിനും സ്വന്തം ബ്രാൻഡിൽ സഹകരണ സംഘങ്ങൾ വഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മോഡേൺ റൈസ് മില്ല് സ്ഥാപിക്കുന്നതിന് വേണ്ടി പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി '**പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നമ്പർ പി-1449' (പാപ്കോസ്)** എന്ന സഹകരണ സംഘം 29.01.2019 ൽ രജിസ്റ്റർ ചെയ്തു 06.02.2019 ൽ പ്രവർത്തനം ആരംഭിച്ചു.<br><br>സംഘത്തിൽ നിലവിൽ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനം ഒരു കോടിയും സബ്സിഡിയായി ഒരു കോടിയും അനുവദിച്ചിട്ടുണ്ട്. 16/07/2019 ന് മോഡേൺ റൈസ് മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിയുടെ സാങ്കേതികപരമായ കാര്യങ്ങളെ കുറിച്ച് അവലോകനം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 11 അംഗ ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 16.07.2020 ന് ഓൺലൈൻ ആയി ബഹു മുഖ്യമന്ത്രി നിർവഹിച്ചു. നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും, മേൽ നോട്ടം വഹിക്കുന്നതിനും NABARD ന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ